**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 744** **11-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി സെക്ഷൻ ഓഫീസിന്റെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി വൈദ്യുതി സെക്ഷനെ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതി നാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗ പ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര |

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങളും അറിയിക്കു ന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കു ന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവന ങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കു ന്നതിനുമായുള്ള പ്രവൃത്തികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. ആയതിനാൽ മഞ്ചേരി സെക്ഷൻ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ